Page 1 of 1

അദ്ദേഹത്തിന്റെ പേരിൽ നടപടി എടുക്കുന്നുണ്ട്. കാലതാമസം വരുത്തരുതെന്ന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് അങ്ങ് നൽകുന്ന നിർദ്ദേശങ്ങൾ വ്യക്തമായി പാലിക്കാൻ കൃഷിവകുപ്പ് തയ്യാറാണെന്നുകൂടി പ്രത്യേകിച്ച് അറിയിക്കുകയാണ്.

## റൂളിംഗ്

### (1) വാർഷിക റിപ്പോർട്ടുകൾ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ഈ കാര്യത്തിൽ റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കാൻ താമസം വരുത്തിയതിന്റെ കാരണം വിശദീകരിക്കുന്ന സ്റ്റേറ്റ്മെന്റ് വളരെ വേഗ് ആണ്. ഞാനും വായിച്ചുനോക്കി. അതിനകത്ത് കാരണങ്ങളൊന്നും പറഞ്ഞിട്ടില്ല. ബോദ്ധ്യപ്പെടത്തക്കവിധത്തിലുള്ള കാരണങ്ങൾ പ്രസ്തുത സ്റ്റേറ്റുമെന്റിൽ ചൂണ്ടിക്കാണിച്ചിട്ടില്ല. ആ സ്റ്റേറ്റുമെന്റ് ആരുകൊടുത്തു എന്നുപോലും മനസ്സിലാക്കാൻ കഴിയുന്നില്ല. ഇതൊരു നല്ല നടപടിയാണെന്ന് എനിക്ക് തോന്നുന്നില്ല. അതുകൊണ്ട് ഭാവിൽ ഇത്തരത്തിലുള്ള സ്റ്റേറ്റ്മെന്റ് നൽകുമ്പോൾ അതിലെ വാചകരീതി സഭയോട് തികഞ്ഞ ആദരവ് പ്രകടിപ്പിക്കത്തക്കവിധത്തിലായിരിക്കണം. അതുപോലെ തന്നെ വാർഷികറിപ്പോർട്ട് മേശപ്പുറത്തു വയ്ക്കുന്നതിന് താമസം വന്നതിന്റെ കാരണം സഭയ്ക്ക് ബോദ്ധ്യപ്പെടത്തക്കവിധം നൽകേണ്ടതുമാണ്. പാർലമെന്റിൽ ഒരു സിസ്റ്റം ഉണ്ട്. അതുംകൂടി ആലോചിക്കേണ്ട കാര്യമാണ്. പാർലമെന്റിൽ കൺസേൺഡ് മിനിസ്റ്റർ മേശപ്പുറത്തു വയ്ക്കുന്ന സ്റ്റേറ്റ്മെന്റിന്റെ അടിയിൽ സൈൻ ചെയ്യും. ഇത് നമുക്ക് ഇവിടെ സ്വീകരിക്കാമോ എന്ന കാര്യം കൂടി ഇത്തരുണത്തിൽ ആലോചിക്കേണ്ടതാണ്. മറ്റൊരു നിർദ്ദേശം, അംഗങ്ങൾക്ക് നൽകേണ്ട സ്റ്റേറ്റ്മെന്റിൽ ഒരു ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ആളാണ് ഒപ്പിടേണ്ടത്. പലപ്പോഴും ക്ലാർക്ക് ആണ് സ്റ്റേറ്റ്മെന്റ് ഒപ്പിട്ട് നിയമസഭയിൽ വരുന്നത്. അത് ശരിയല്ല. മിനിമം ഒരു ജോയിന്റ് സെക്രട്ടറിയുടെ പദവിയിലുള്ള ആളെങ്കിലും ഒപ്പിടണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, അങ്ങയുടെ നിർദ്ദേശം അനുസരിച്ച് അങ്ങനെ ചെയ്യാനുള്ള നിർദ്ദേശം കൊടുക്കാം.

### (2) വനനശീകരണം തടയാൻ നിയമഭേദഗതികൾ നിർദ്ദേശിക്കുന്നതിനുള്ള കമ്മിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച്

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, കഴിഞ്ഞ ആഴ്ചയിൽ നമ്മുടെ വനം വകുപ്പുമന്ത്രി ഇവിടെ ഒരു ക്വസ്റ്റ്യന് മറുപടി പറയുമ്പോൾ, സാർവ്വത്രികമായി നടന്നുകൊണ്ടിരിക്കുന്ന വനനശീകരണത്തിന് ഇന്ന് നിയമത്തിന്റെ പഴുതുകൾ ഉപയോഗിക്കപ്പെടുന്നു എന്ന അടിസ്ഥാനത്തിൽ ആ കാര്യം പരിശോധിച്ച് ഏതൊക്കെ നിയമഭേദഗതിയാണ് വരുത്തേണ്ടത് എന്ന് വ്യക്തമായി നിർദ്ദേശിക്കാൻ ഈ സഭയുടെ ഒരു കമ്മിറ്റിയെ നിയമിക്കാം എന്ന് ഉറപ്പു നൽകുകയുണ്ടായി. അന്ന് മറ്റൊരു ചോദ്യത്തിന് മറുപടി ആയി ആ കമ്മിറ്റിയെ നിയമിക്കാനുള്ള നടപടികൾ എടുക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly